Construction of Sea Wall

* 500 [528] **Shri Stephen Padua**: Will the Minister for Labour and Housing be pleased to state:

(a) Whether the work of constructing sea wall along the sea coast of Kerala where there is sea erosion has been completed;

(b) If not, which are the areas where the work is yet to be taken up?

Minister for Labour and Housing (**Shri M. K. Raghavan**):

(a) Out of a coast line of 560 Kms. in length, 320 Kms. subjected to severe sea erosion. Till the end of last financial year (1977-78) 190.456 Kms. of coast line had been protected. The current years' programme is to protect another 16 kms.

(b) he Tinformation regarding the areas where no protection works have been taken up so far is being collected.

പന ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ

* 501 [529] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പനയിൽ നിന്നുള്ള ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ വ്യവസായത്തെ പരമ്പരാഗത വ്യവസായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) അല്ലെങ്കിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഈ വ്യവസായത്തെ, പരമ്പരാഗത വ്യവസായമായി, കേരള ഖാദി ബോർഡ് അംഗീകരിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ചെറുകിട വ്യവസായ മേഖല

883 [1367] ശ്രീ. ഈപ്പൻ കണ്ടക്കുടി:
ഡോ. ജോർജ്ജ് മാത്യു:
ശ്രീ. വി. റ്റി. സെബാസ്റ്റ്യൻ:
,, എം. വി. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിൽ ചെറുകിട വ്യവസായ മേഖലയിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ ആകെ മുതൽ മുടക്ക് എത്ര കോടി രൂപ;

(സി) ചെറുകിട വ്യവസായ മേഖലയിൽ എത്ര പേർക്ക് ജോലി യുണ്ട്;

(ഡി) 1977-78 ൽ എത്ര കോടി രൂപയുടെ ഉൽപ്പാദനം നടന്നു?

ഉത്തരം

(എ) 31.12.1978 വരെ, 13,108 ചെറുകിട വ്യവസായയൂണി റുകളും വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തു പ്രവർത്തനമാരം ഭിച്ചിട്ടുണ്ട്.

(ബി) ഏതാണ്ട് 92 കോടി രൂപ വരും.

(സി) ഈ മേഖലയിൽ ഏതാണ്ട് 2½ ലക്ഷത്തിൽ പരംപേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

(ഡി) 1977-78 ലെ കണക്കുകൾ ലഭിച്ചിട്ടില്ല.

Government Timber Depots

884 [1371] **Shri Stephen Padua:** Will the Minister of Industries and Forest be pleased to state the number of Government timber depots in the State.

Answer

32. In addition there are two Kerala Government timber depots each in Karnataka and Tamil Nadu.

സിമൻറ് ഗ്രൈൻഡിങ്ങ് പ്ലാൻറ്

885 [1374] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമൻറു ഉൽപ്പാദനത്തിന് ഗ്രൈൻഡിങ്ങ് പ്ലാൻറും നെല്ലിൻെറ ഉമി ഉപയോഗിച്ച് സിമൻറ് ഉണ്ടാക്കുന്ന പ്ലാൻറും കേരളത്തിൽ സ്ഥാപിക്കുവാൻ പരിപാടിയുണ്ടോ;

(ബി) ഇക്കാര്യത്തെപ്പറ്റി കേന്ദ്രത്തിൽ എന്തെങ്കിലും പദ്ധതി കേരളം സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വാളയാർ സിമൻറു ഫാക്ടറിയിലെ നിയമനം

886 [1376] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly